©
കേരള സർക്കാർ
Government of Kerala
2020

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2020 ആഗസ്റ്റ് 4<br>4th August 2020<br>1195 കർക്കടകം 20<br>20th Karkadakam 1195<br>1942 ശ്രാവണം 13<br>13th Sravana 1942 | നമ്പർ<br>No. | 31 |

# PART III

# Police Department

NOTIFICATION

No. T4/188177/2019/PHQ. *1st July 2020.*

The Review DPC (Lower) meeting held on 30-3-2020 has examined the case of Sri Dineshan, P. A., APSI who was superseded from the Select List of Armed Police Sub Inspectors fit for promotion as Armed Police Inspectors for the vacancy in the year 2016 by the DPC (L) held on 24-9-2019, and decided to include him in the Select List of Armed Police Sub Inspectors fit for promotion as Armed Police Inspectors notionally for the vacancy in the year 2016 (Retired on 31-5-2017), as per the order dated 6-9-2018 in OA No. 2234/2017, order dated 16-11-2019 in OP (KAT) 144/2019 and connected cases by the Hon'ble High Court and as per the dictum laid down by the Hon'ble Kerala Administrative Tribunal in OA No. 235/2019 and connected cases, which was approved by the Government vide letter No. A1/184/2020/Home dated 19-6-2020. His position in the select will be as follows:—

| *Sl. No.* | *Name* |
|---|---|
| 21 | Sasidharan, K. V. |
| **21(a)** | **Dineshan, P. A.** |
| 22 | Balakrishnan, N. |

LOKNATH BEHERA IPS,
*State Police Chief & Convenor,*
*Departmental Promotion Committe*
*(Lower).*

Police Headquarters,
Thiruvananthapuram.

---

ലേല പരസ്യം

No. E2-18253/2019/KAP-III. 2020 ജൂലൈ 3.

അടൂർ കെ. എ. പി. മൂന്നാം ബറ്റാലിയൻ കമാൻഡന്റിന്റെ പരിധിയിലുള്ളതും ഈ യൂണിറ്റിൽ സൂക്ഷിച്ചിരിക്കുന്നതും ഉപയോഗയോഗ്യമല്ലാത്തതുമായ ചുവടെ പരാമർശിച്ചിട്ടുള്ള 3 ഡിപ്പാർട്ടുമെന്റ് വാഹനങ്ങൾ 7-8-2020-ാം തീയതി പകൽ 11 മണിക്ക് മേൽ പറഞ്ഞ ഓഫീസ് പരിസരത്ത് വെച്ച് പരസ്യമായി ദർഘാസ്/ലേലം വഴി വിൽപന നടത്തുന്നതാണ്.

| ക്രമ നമ്പർ | രജിസ്ട്രേഷൻ നമ്പർ | വാഹന ഇനം | മോഡൽ | നിരതദ്രവ്യം (₹) |
|---|---|---|---|---|
| 1 | KL- 01 × 9893 | ഹീറോഹോണ്ട മോട്ടോർ സൈക്കിൾ | 2002 | 180 |
| 2 | KL- 01 × 9895 | ,, | 2002 | 450 |
| 3 | KL- 01 × 9896 | ,, | 2002 | 225 |

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല സ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുൻപ് വാഹനത്തിന് നേരെ കാണിച്ചിരിക്കുന്ന തുക നിരതദ്രവ്യമായി കെട്ടിവെക്കേണ്ടതുമാണ്. കൂടാതെ ടി വാഹനങ്ങൾ ലേലം കൊള്ളുവാൻ ആഗ്രഹിക്കുന്നവരിൽ നിന്ന് മുൻകൂട്ടി സീൽ ചെയ്ത കവറിൽ ദർഘാസുകൾ നേരിട്ടോ തപാൽ മാർഗമോ 2020 ആഗസ്റ്റ് മാസം 6-ാം തീയതി 4 മണിക്ക് മുൻപായി കെ. എ. പി. മൂന്നാം ബറ്റാലിയൻ കാര്യാലയത്തിൽ ലഭിക്കത്തക്കവണ്ണം ക്ഷണിച്ചുകൊള്ളുന്നു. ദർഘാസിനോടൊപ്പം നിരതദ്രവ്യമായി മേൽ പറഞ്ഞ നിരക്കിലും തുകയ്ക്കുമുള്ള ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും ബറ്റാലിയൻ കമാൻഡന്റ് പേരിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതാണ്. കൂടാതെ കവറിനു മുകളിൽ വാഹനങ്ങളുടെ ലേലത്തിനുള്ള ദർഘാസ് എന്ന് വ്യക്തമായി എഴുതേണ്ടതും വാഹനങ്ങളുടെ രജിസ്റ്റർ നമ്പർ ഇതോടൊപ്പം വ്യക്തമാക്കേണ്ടതുമാണ്. ദർഘാസ്/ലേലത്തിൽ പങ്കെടുക്കുവാൻ എത്തിയിട്ടുള്ളവരുടെ സാന്നിധ്യത്തിൽ തുറക്കുന്നതും, ലേലം വിളിച്ച തുകയോ, ദർഘാസ് തുകയോ ഏതാണോ കൂടുതൽ ആ തുകയ്ക്ക് യുക്തമെന്ന് തോന്നുന്ന പക്ഷം വിൽപ്പന ബന്ധപ്പെട്ട ആളിന്റെ പേരിൽ നിശ്ചയിക്കുന്നതും, ടിയാൻ ഉടനെ ദർഘാസ് തുകയുടെ പകുതി സംഖ്യ (നികുതി ഉൾപ്പെടെ) നിരതദ്രവ്യം കഴിച്ച് ലേലസ്ഥലത്തുവെച്ച് അടയ്ക്കേണ്ടതും ബാക്കി സംഖ്യ നികുതി ഉൾപ്പെടെ ലേലം/ദർഘാസ് സ്ഥിരപ്പെടുത്തി 10 ദിവസത്തിനുള്ളിൽ അടച്ച് സ്വന്തം ചെലവിൽ ലേലപ്രകാരം ലഭിച്ച വാഹനം നീക്കം ചെയ്യേണ്ടതാണ്.

മേൽ പറഞ്ഞ പ്രകാരം ലേലം കൊണ്ടയാൾ നിബന്ധനകൾ ലംഘിച്ചാൽ ബന്ധപ്പെട്ടയാളുടെ നിരതദ്രവ്യം സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും വാഹനങ്ങൾ പുനർലേലം നടത്തുന്നതുമാണ്. പുനർലേലത്തിൽ സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയതിന് ആദ്യം ലേലം കൊണ്ടയാൾ ഉത്തരവാദിയായിരിക്കും. പുനർലേലത്തിൽ മുൻവിൽപ്പനയേക്കാൾ കൂടുതൽ തുക ലഭിച്ചാൽ ആയതിന് മുൻലേലക്കാരന് യാതൊരു വിധ അർഹതയോ അവകാശമോ ഉണ്ടായിരിക്കുന്നതല്ല.

ലേലത്തിനായി നിശ്ചയിച്ചിരിക്കുന്ന വാഹനങ്ങൾ ലേല തീയതിക്ക് മുൻപുള്ള പത്ത് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണിമുതൽ 5 മണിവരെയുള്ള ഏതെങ്കിലും സമയത്ത് അസിസ്റ്റന്റ് കമാൻഡന്റ് (അഡ്ജൂ) വിന്റെ അനുമതിയോടെ പരിശോധിക്കാവുന്നതാണ്. ഉചിതമെന്ന് തോന്നുന്നപക്ഷം യാതൊരു മുന്നറിയിപ്പോ, കാരണമോ കാണിക്കാതെ ലേലം നിർത്തിവെക്കുന്നതിനും ലേലം/ദർഘാസ് അസ്ഥിരപ്പെടുത്തുന്നതിനും ലേല നടപടിക്രമങ്ങൾ റദ്ദ് ചെയ്യുന്നതിനും അടൂർ കെ. എ. പി. മൂന്നാം ബറ്റാലിയൻ കമാൻഡന്റിന് അധികാരം ഉണ്ടായിരിക്കും. ലേലം സംബന്ധിച്ച് അടൂർ കെ. എ. പി. മൂന്നാം ബറ്റാലിയൻ കമാൻഡന്റിന്റെ തീരുമാനം അന്തിമമായിരിക്കും. കോവിഡ് 19 മായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശങ്ങൾ ലേലത്തിൽ പങ്കെടുക്കുന്ന എല്ലാവരും കർശനമായും പാലിക്കേണ്ടതാണ്.

Kerala Armed Police-III,
Pathanamthitta.

JAYANATH, J. IPS
*Commandant.*

---

## ലേല പരസ്യം

നമ്പർ ഇ2-68743/2019/RC. 2020 ജൂലൈ 2.

തൃശ്ശൂർ സിറ്റി പോലീസ് മേധാവിയുടെ അധീനതയിലുള്ളതും തൃശ്ശൂർ ജില്ലാ ഹെഡ് ക്വർട്ടേഴ്സിലെ ഡെപ്യൂട്ടി കമാണ്ടന്റിന്റെ കാര്യാലയത്തിൽ സൂക്ഷിച്ചിട്ടുള്ളതും പോലീസ് ഡിപ്പാർട്ട്മെന്റിന് ഉപയോഗയോഗ്യമല്ലാത്തതുമായ താഴെപ്പറയുന്ന വാഹനങ്ങൾ 7-8-2020-ാം തീയതി പകൽ 11 മണിക്ക് പ്രസ്തുത കാര്യാലയത്തിൽവെച്ച് പരസ്യമായി ലേലം/ടെണ്ടർ വഴി വിൽപ്പന നടത്തുന്നതാണ്.

| ക്രമ നമ്പർ | രജിസ്ട്രേഷൻ നമ്പർ | ഇനം | മോഡൽ | നിരതദ്രവ്യം (₹) |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | KL-01-AU 5401 | ഇൻവേഡർ | 2008 | 4,200 |
| 2 | KL-01-AU 9939 | ഇൻവേഡർ | 2009 | 4,500 |
| 3 | KL-01-AU 5281 | ഇൻവേഡർ | 2008 | 4,200 |
| 4 | KL-01-AU 5358 | ഇൻവേഡർ | 2008 | 4,200 |
| 5 | KL-01-AQ 7124 | ഇൻവേഡർ | 2007 | 4,000 |
| 6 | KL-01-AQ 7130 | ഇൻവേഡർ | 2007 | 4,000 |
| 7 | KL-01-AS 6303 | ഇൻവേഡർ | 2008 | 4,200 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 8 | KL-01-AS 6137 | ഇൻവേഡർ | 2008 | 4,200 |
| 9 | KL-01-AS 1437 | ഇൻവേഡർ | 2007 | 4,000 |
| 10 | KL-01-AU 5392 | ഇൻവേഡർ | 2008 | 4,200 |
| 11 | KL-01-AU 9968 | ഇൻവേഡർ | 2009 | 4,500 |
| 12 | KL-01-AU 5283 | ഇൻവേഡർ | 2008 | 4,200 |
| 13 | KL-01-AS 6277 | ഇൻവേഡർ | 2008 | 4,200 |
| 14 | KL-01-AU 5341 | ഇൻവേഡർ | 2008 | 3,500 |
| 15 | KL-01-AQ 8220 | ഇൻവേഡർ | 2007 | 3,800 |
| 16 | KL-01-AD 5183 | ടാറ്റാ സുമോ | 2004 | 3,000 |
| 17 | KL-01-AM 7904 | അംബാസഡർ | 2006 | 2,000 |
| 18 | KL-01-AH 2467 | ബജാജ് സി.ടി-100 | 2005 | 180 |
| 19 | KL-01-AH 2498 | ബജാജ് സി.ടി-100 | 2005 | 200 |
| 20 | KL-01-AD 1030 | എൻഫീൽഡ് ബുള്ളറ്റ് | 2004 | 5,000 |

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ കൃത്യസമയത്ത് ലേലസ്ഥലത്ത് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുൻപ് മേൽപ്പറഞ്ഞ വാഹനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യം അടച്ച് രസീത് വാങ്ങേണ്ടതുമാണ്. ലേലം കഴിഞ്ഞാലുടൻ ലേലം കൊള്ളാത്തവരുടെ നിരതദ്രവ്യം തിരികെ നൽകുന്നതാണ്.

ടി വാഹനങ്ങൾ വാങ്ങാൻ ദർഘാസുകൾ നേരിട്ടോ തപാൽ മാർഗ്ഗമോ 4-8-2020-ാം തീയതി വൈകുന്നേരം 4 മണിക്ക് മുൻപായി തൃശ്ശൂർ സിറ്റി ജില്ലാ പോലീസ് മേധാവിയുടെ ഓഫീസിൽ ലഭിക്കത്തക്കവിധം അയയ്ക്കേണ്ടതാണ്. ദർഘാസിനൊപ്പം ഓരോ വാഹനത്തിനും നിരതദ്രവ്യമായി മേൽപ്പറഞ്ഞ നിരക്കിൽ ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും തൃശ്ശൂർ സിറ്റി ജില്ലാ പോലീസ് മേധാവിയുടെ പേരിൽ വാങ്ങിയ ഡിമാന്റ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതാണ്. ദർഘാസുകൾ അടക്കം ചെയ്ത കവറിനുമുകളിൽ 'വാഹനലേലത്തിനുള്ള ടെണ്ടർ' എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതും ഓരോ വാഹനത്തിനുള്ള ദർഘാസുകൾ പ്രത്യേക കവറുകളിൽ അയയ്ക്കേണ്ടതുമാണ്.

ലേലം അവസാനിച്ചാലുടൻ ദർഘാസുകൾ തുറക്കുന്നതും, ലേലത്തിലോ ടെണ്ടറിലോ കൂടുതൽ തുക രേഖപ്പെടുത്തിയിട്ടുള്ള ആൾക്ക് ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതുമാണ്. ലേലം കഴിഞ്ഞാലുടൻ ലേലം/ടെണ്ടർ സംഖ്യയുടെ പകുതി തുക (നിരതദ്രവ്യം ഉൾപ്പെടെ) ലേലംകൊണ്ടയാൾ ലേലസ്ഥലത്തുവെച്ചുതന്നെ അടച്ച് രസീത് വാങ്ങേണ്ടതാണ്. ലേലം/ടെണ്ടർ സ്ഥിരപ്പെടുത്തിയ ഉത്തരവ് കിട്ടി 7 ദിവസത്തിനകം ബാക്കി തുകയും നിയമാനുസൃതമായ ചരക്കുസേവന നികുതിയും അടച്ച് സ്വന്തം ഉത്തരവാദിത്വത്തിൽ വാഹനം നീക്കം ചെയ്യേണ്ടതാണ്.

ലേലംകൊണ്ടയാൾ ഈ നിബന്ധനകൾ ലംഘിച്ചാൽ ബന്ധപ്പെട്ടയാളുടെ നിരതദ്രവ്യം സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും വാഹനം പുനർലേലം നടത്തുന്നതുമാണ്. പുനർലേലത്തിൽ സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയതിന് ആദ്യം ലേലംകൊണ്ടയാൾ ഉത്തരവാദിയാകുന്നതും നഷ്ടപ്പെട്ട സംഖ്യ ടിയാനിൽ നിന്ന് ഈടാക്കുവാൻ നടപടി സ്വീകരിക്കുന്നതുമാണ്. പുനർലേലത്തിൽ കൂടുതൽ സംഖ്യ ലഭിച്ചാൽ ടിയാൻ ആയതിന് അവകാശി ആയിരിക്കുന്നതല്ല. ലേലം ചെയ്യപ്പെടുന്ന വാഹനങ്ങൾ ലേലത്തിനുമുമ്പുള്ള 10 പ്രവൃത്തിദിവസങ്ങളിൽ രാവിലെ 10 മണിമുതൽ വൈകുന്നേരം 5 മണിവരെയുള്ള പ്രവൃത്തിസമയങ്ങളിൽ തൃശ്ശൂർ ജില്ലാ ഹെഡ് ക്വാർട്ടേഴ്സിലെ ഡെപ്യൂട്ടി കമാണ്ടന്റിന്റെ മുൻകൂർ അനുമതിയോടുകൂടി പരിശോധിക്കാവുന്നതാണ്. യാതൊരു കാരണവും കാണിക്കാതെ ഈ നോട്ടീസിൻപ്രകാരമുള്ള ലേലം മാറ്റി വയ്ക്കുന്നതിനോ ലേലം/ദർഘാസ് വിൽപ്പന അസ്ഥിരപ്പെടുത്തുകയോ ചെയ്യുവാനുള്ള പൂർണ്ണ അധികാരം ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്.

City Police Office, Aadhithya R. IPS,
Thrissur. *Commissioner of Police.*

ലേല പരസ്യം

No. E2(a)-48350/2019/R. 2020 ജൂലൈ 12.

തൃശ്ശൂർ റൂറൽ ജില്ലാ പോലീസ് മേധാവിയുടെ അധീനതയിലുള്ളതും തൃശ്ശൂർ ജില്ലാ സായുധ സേന കമാണ്ടന്റിന്റെ കാര്യാലയത്തിൽ സൂക്ഷിച്ചിട്ടുള്ളതും പോലീസ് ഡിപ്പാർട്ട്മെന്റിന് ഉപയോഗമില്ലാത്തതുമായ Tyres, Tubes, Flaps, Waste oil, Spare Parts എന്നിവ 11-8-2020-ാം തീയതി പകൽ 11 മണിക്ക് പ്രസ്തുത കാര്യാലയത്തിൽ വച്ച് പരസ്യമായി ലേലം/ടെണ്ടർ വഴി വിൽപ്പന നടത്തുന്നതാണ്.

| ക്രമ നമ്പർ | ഇനം | എണ്ണം/അളവ് | നിരതദ്രവ്യം (₹) |
|---|---|---|---|
| 1 | Unservicable Spare Parts | 175 എണ്ണം | 3,200 |
| 2 | Waste Oil | 800 ലിറ്റർ | 7,200 |
| 3 | Unservicable Tyre, Tube & Flap | 10 എണ്ണം | 13,000 |

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ കൃത്യ സമയത്ത് ലേല സ്ഥലത്ത് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പ് മേൽ പറഞ്ഞ ഇനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യം അടച്ച് രസീത് വാങ്ങേണ്ടതുമാണ്. ലേലം കഴിഞ്ഞാലുടൻ ലേലം കൊള്ളാത്തവരുടെ നിരതദ്രവ്യം തിരികെ നൽകുന്നതാണ്.

ടി ഇനങ്ങൾ വാങ്ങാൻ ദർഘാസുകൾ നേരിട്ടോ തപാൽ മാർഗ്ഗമോ ലേല ദിവസത്തിന് 5 ദിവസം മുമ്പായി തൃശ്ശൂർ റൂറൽ ജില്ലാ പോലീസ് മേധാവിയുടെ ഓഫീസിൽ ലഭിക്കത്തക്കവിധം അയയ്ക്കേണ്ടതാണ്. ദർഘാസിനൊപ്പം ഓരോ ഇനത്തിനും നിരതദ്രവ്യമായി മേൽ പറഞ്ഞ നിരക്കിൽ ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും തൃശ്ശൂർ റൂറൽ ജില്ലാ പോലീസ് മേധാവിയുടെ പേരിൽ വാങ്ങിയ ഡിമാൻഡ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതാണ്. കവറിനുമുകളിൽ "മോട്ടോർ വാഹനത്തിനുള്ള ദർഘാസ്"എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതും ഓരോ ഇനത്തിനും ദർഘാസുകൾ പ്രത്യേകം കവറുകളിൽ അയയ്ക്കേണ്ടതുമാണ്.

ലേലം അവസാനിച്ചാലുടൻ ദർഘാസുകൾ തുറക്കുന്നതും ലേലത്തിലോ/ടെണ്ടറിലോ കൂടുതൽ തുക രേഖപ്പെടുത്തിയിട്ടുള്ള ആൾക്ക് ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതുമാണ്. ലേലം കഴിഞ്ഞാലുടൻ ലേലം/ടെണ്ടർ സംഖ്യയുടെ പകുതി തുക (നിരതദ്രവ്യം കഴിച്ച്) ലേലം കൊണ്ടയാൾ ലേലസ്ഥലത്ത് വെച്ചുതന്നെ അടച്ച് രസീത് വാങ്ങേണ്ടതാണ്. ലേലം/ടെണ്ടർ സ്ഥിരപ്പെടുത്തിയ ഉത്തരവ് കിട്ടി 10 ദിവസത്തിനകം ബാക്കി തുകയും നിയമാനുസൃതമായ വിൽപ്പന നികുതിയും അടച്ച് സ്വന്തം ഉത്തരവാദിത്വത്തിൽ സാധനങ്ങൾ നീക്കം ചെയ്യേണ്ടതാണ്.

ലേലം കൊണ്ടയാൾ ഈ നിബന്ധനകൾ ലംഘിച്ചാൽ ബന്ധപ്പെട്ടയാളുടെ നിരതദ്രവ്യം സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും പുനർലേലം നടത്തുന്നതുമാണ്. പുനർലേലത്തിൽ സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയതിനു ആദ്യം ലേലം കൊണ്ടയാൾ ഉത്തരവാദിയാകുന്നതും നഷ്ടപ്പെട്ട സംഖ്യ ടിയാനിൽ നിന്ന് ഈടാക്കുവാൻ നടപടി സ്വീകരിക്കുന്നതുമാണ്. പുനർ ലേലത്തിൽ കൂടുതൽ സംഖ്യ ലഭിച്ചാൽ ടിയാൻ ആയതിന് അവകാശി ആയിരിക്കുന്നതല്ല. ലേല വസ്തുക്കൾ ലേലത്തിന് മുമ്പുള്ള പത്ത് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെയുള്ള പ്രവൃത്തി സമയങ്ങളിൽ തൃശ്ശൂർ ജില്ലാ സായുധ സേന ക്യാമ്പിൽ ഡെപ്യൂട്ടി കമാണ്ടന്റിന്റെ മുൻകൂർ അനുമതിയോടു കൂടി പരിശോധിക്കാവുന്നതാണ്. യാതൊരു കാരണവും കാണിക്കാതെ ഈ നോട്ടീസിൻ പ്രകാരമുള്ള ലേലം മാറ്റി വയ്ക്കുന്നതിനോ ലേലം/ദർഘാസ് വിൽപന അസ്ഥിരപ്പെടുത്തുകയോ ചെയ്യുവാനുള്ള പൂർണ്ണ അധികാരം തൃശ്ശൂർ റൂറൽ ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്.

District Police Office, Thrissur Rural.

Viswanadh, R. IPS
*District Police Chief.*

## ലേല പരസ്യം

നമ്പർ D4-30208/2020/CC. 2020 ജൂലൈ 3.

കോഴിക്കോട് ജില്ലാ പോലീസ് മേധാവിയുടെ അധീനതയിലുള്ളതും കോഴിക്കോട് ജില്ലാ സായുധ സേനാ വിഭാഗം ഡെപ്യൂട്ടി കമാണ്ടന്റിന്റെ കാര്യാലയത്തിൽ സൂക്ഷിച്ചിട്ടുള്ളതുമായ താഴെ പറയുന്ന ഡിപ്പാർട്ടുമെന്റ് വാഹനങ്ങൾ 10-8-2020-ാം തീയതി പകൽ 11 മണിക്ക് മേൽ പറഞ്ഞ ഓഫീസ് പരിസരത്ത് വച്ച് ദർഘാസ്/ലേലം വഴി വിൽപന നടത്തുന്നതാണ്.

| ക്രമ നമ്പർ | രജിസ്ട്രേഷൻ നമ്പർ | വാഹന ഇനം | മോഡൽ | നിരതദ്രവ്യം (₹) |
|---|---|---|---|---|
| 1 | KL 01 AH 5368 | Bajaj CT 100 M/Cycle | 2005 | 350 |
| 2 | KL 01 AH 5473 | Bajaj CT 100 M/Cycle | 2005 | 350 |
| 3 | KL 01 AG 8339 | Bullet M/Cycle | 2005 | 4,000 |
| 4 | KL 01 AD 4844 | Mahindra Jeep | 2004 | 9,500 |
| 5 | KL 01 X 9204 | Mahindra Jeep | 2002 | 9,000 |
| 6 | KL 01 AU 5317 | Bolero Invader | 2008 | 6,000 |
| 7 | KL 01 AA 9435 | Ambassador car | 2003 | 1,000 |
| 8 | KL 01 AM 7882 | Ambassador car | 2006 | 1,000 |
| 9 | KL 01 X 9099 | Ambassador car | 2002 | 1,000 |
| 10 | KL 01 AS 8130 | Mahindra Bolero | 2008 | 4,000 |
| 11 | KL 01 AS 8198 | Mahindra Bolero | 2008 | 9,500 |
| 12 | KL 01 AQ 4296 | Leyland Stag Bus | 2007 | 8,500 |

ദർഘാസ് സമർപ്പിക്കുന്നവർ ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്ന് കോഴിക്കോട് സിറ്റി ജില്ലാ പോലീസ് മേധാവിയുടെ പേരിൽ വാങ്ങിയിട്ടുള്ളതും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കോഴിക്കോട് ശാഖയിൽ മാറാവുന്നതുമായ നിരതദ്രവ്യത്തിനു തുല്യമായ തുകയുടെ DD അടക്കം ചെയ്യേണ്ടതാണ്. കവറിനുമുകളിൽ "വാഹനങ്ങളുടെ പുനർലേലത്തിനുള്ള ദർഘാസ്"എന്ന് വ്യക്തമായി എഴുതേണ്ടതാണ്. കൂടാതെ വാഹനങ്ങളുടെ രജിസ്റ്റർ നമ്പരും ഇതോടൊപ്പം വ്യക്തമാക്കേണ്ടതാണ്. പരസ്യലേലം കഴിഞ്ഞയുടൻ ബന്ധപ്പെട്ടവരുടെ മുന്നിൽവെച്ച് ദർഘാസുകൾ തുറക്കുന്നതും പരസ്യലേലത്തിൽ അഥവാ ദർഘാസിൽ ഏതിലാണോ കൂടുതൽ തുക കാണിക്കുന്നത് അയാൾക്ക് ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതും ലേലം കൊണ്ടയാൾ ലേലം/ദർഘാസ് തുകയുടെ പകുതി സംഖ്യ നിരതദ്രവ്യം കഴിച്ച് ലേലസ്ഥലത്ത് വെച്ചു അപ്പോൾത്തന്നെ അടച്ച് രസീത് വാങ്ങേണ്ടതുമാണ്. ബാക്കി സംഖ്യ നികുതി ഉൾപ്പെടെ ലേലം സ്ഥിരപ്പെടുത്തിയ ഉത്തരവ് തീയതി മുതൽ പത്ത് ദിവസത്തിനുള്ളിൽ അടച്ച് സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും വാഹനങ്ങൾ നീക്കം ചെയ്യേണ്ടതാണ്.

ഏതെങ്കിലും കാരണവശാൽ ലേലം കൊണ്ടയാൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും ടി വാഹനങ്ങൾ പുനർലേലം ചെയ്യുന്നതുമായിരിക്കും. പുനർലേലത്തിൽ സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആ തുക മുൻ ലേലക്കാരിൽ നിന്നും ഈടാക്കുന്നതാണ്. പുനർ ലേലത്തിൽ കൂടുതൽ തുക ലഭിച്ചാൽ ആയതിനു മുൻ ലേലക്കാരന് യാതൊരുവിധ അർഹതയോ അവകാശമോ ഉണ്ടായിരിക്കുന്നതല്ല.

ലേലത്തിനായി നിശ്ചയിച്ചിരിക്കുന്ന വാഹനങ്ങൾ ലേലത്തീയതിക്ക് മുമ്പുള്ള പത്ത് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണിവരെയുള്ള ഏതെങ്കിലും സമയത്ത് ഡെപ്യൂട്ടി കമാണ്ടന്റിന്റെ അനുമതിയോടെ പരിശോധിക്കാവുന്നതാണ്. ഉചിതമെന്ന് തോന്നുന്ന പക്ഷം യാതൊരു മുന്നറിയിപ്പോ കാരണമോ കാണിക്കാതെ ലേലം നിർത്തി വെക്കുന്നതിനും ലേലം/ദർഘാസ് അസ്ഥിരപ്പെടുത്തുന്നതിനും ലേല നടപടിക്രമങ്ങൾ റദ്ദ് ചെയ്യുന്നതിനും കോഴിക്കോട് സിറ്റി ജില്ലാ പോലീസ് മേധാവിക്ക് അധികാരമുണ്ടായിരിക്കും. ലേലം സംബന്ധിച്ച് കോഴിക്കോട് സിറ്റി ജില്ലാ പോലീസ് മേധാവിയുടെ തീരുമാനം അന്തിമമായിരിക്കും.

സുജിത്ദാസ്, എസ്., ഐ. പി. എസ്.

സിറ്റി പോലീസ് ഓഫീസ്, ഡെപ്യൂട്ടി പോലീസ് കമ്മീഷണർ.

കോഴിക്കോട്. *For District Police Chief.*